G3/26532/2023/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 19.08.2023

**<u>പരിപത്രം</u>**

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ്- കോളേജുകളിലെ പഠനയാത്രയ്ക്കുള്ള / വിനോദയാത്രയ്ക്കുള്ള നിബന്ധനകൾ- സംബന്ധിച്ച്.

സൂചന :- 1. 01/06/2016 തീയതിയിലെ ജി3/31727/2014/കോ.വി.വ. നമ്പർ സർക്കുലർ.
2. 26/04/2018 തീയതിയിലെ ജി3/8794/2018/കോ.വി.വ. നമ്പർ സർക്കുലർ.
3. ഉന്നത വിദ്യാഭ്യാസ (സി) വകുപ്പിന്റെ 08/11/2018 തീയതിയിലെ GO(MS)/267/2018/HEDN നമ്പർ ഉത്തരവ്.
4. 10/12/2018 തീയതിയിലെ ജി3/31727/2014/കോ.വി.വ. നമ്പർ സർക്കുലർ.
5. ട്രാൻസ്പോർട്ട് കമ്മീഷണറുടെ 07.07.2022ലെ ഇ1/121/2022 -റ്റി സി നമ്പർ കത്ത്
6. 30/06/2023 തീയതിയിലെ ബി2/9436/2023/ഡി.സി.ഇ. നമ്പർ കുറിപ്പ്.

*********

പഠനയാത്ര/ വിനോദയാത്രയുമായി ബന്ധപ്പെട്ട് കോളേജുകളിൽ നിന്നും അപേക്ഷകൾ അയക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1.സംസ്ഥാനത്തിനു പുറത്തേയ്ക്കുള്ള പഠനയാത്രയ്ക്ക് / വിനോദയാത്രയ്ക്ക് സർക്കാർ കോളേജുകളിലെ വിവിധ കോഴ്സുകളിലെ ഓരോ ബാച്ചും പ്രിൻസിപ്പൽ മുഖേന കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും മുൻകൂർ അനുവാദം വാങ്ങേണ്ടതാണ്. എയ്ഡഡ് കോളേജുകളിലെ ഓരോ ബാച്ചും പ്രിൻസിപ്പൽ മുഖേന ബന്ധപ്പെട്ട കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റിൽ നിന്നും മുൻകൂർ അനുവാദം വാങ്ങേണ്ടതാണ്. സംസ്ഥാനത്തിനുള്ളിലെ പഠനയാത്രയ്ക്ക് / വിനോദയാത്രയ്ക്ക് (സർക്കാർ / എയ്ഡഡ്) കോളേജ് പ്രിൻസിപ്പലിൽ നിന്നുള്ള അനുവാദ ഉത്തരവ് മതിയാകും.

2. പഠനയാത്രയ്ക്കുള്ള / വിനോദയാത്രക്കുള്ള അപേക്ഷകൾ നിർബന്ധമായും കുറഞ്ഞത് 15 ദിവസം മുൻപേ ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. നിശ്ചിത പ്രൊഫോർമയിലുള്ള അപേക്ഷ കൃത്യമായും പൂർണമായും പൂരിപ്പിച്ച് ആവശ്യമായ രേഖകളോടൊപ്പമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഓരോ വിഷയത്തിനും പ്രത്യേക ആമുഖകത്ത്, പ്രത്യേക പ്രൊഫോർമയിൽ പൂരിപ്പിച്ച അപേക്ഷയിൽ പ്രിൻസിപ്പലിന്റെ ഒപ്പ്, സീൽ, അനുബന്ധ രേഖകൾ എന്നിവയോടുകൂടി വേണം അപേക്ഷകൾ സമർപ്പിക്കേണ്ടത്. (പ്രൊഫോർമ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു).

3. ടൂർ പ്രോഗ്രാമിന്റെ ഷെഡ്യൂൾ, വിദ്യാർത്ഥികളുടെ ലിസ്റ്റ് (ആൺ / പെൺ തിരിച്ച്) എന്നിവ പ്രിൻസിപ്പൽ മേലൊപ്പ് വച്ച് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

4. ആവശ്യമായ രേഖകൾ ഇല്ലാതെയും, നിശ്ചിത സമയപരിധിക്കു ശേഷവും ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

5. മുൻകൂട്ടിയുള്ള അനുമതി ലഭിച്ചതിനു ശേഷം മാത്രമേ സംസ്ഥാനത്തിന് പുറത്തുള്ള പഠനയാത്ര/ വിനോദയാത്ര നടത്താൻ പാടുള്ളൂ.

6. പഠനയാത്ര, പാഠ്യപദ്ധതിയിൽ ഉൾപെട്ടിട്ടുള്ളതാണ് എന്ന് വകുപ്പ് മേധാവിയുടെ സർട്ടിഫിക്കറ്റ് പ്രിൻസിപ്പൽ മേലൊപ്പ് പതിച്ച് അപേക്ഷയിൽ ഉൾപെടുത്തേണ്ടതും അതോടൊപ്പം സിലബസ്സിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതുമാണ്.

7. ഓരോ കോഴ്സിന്റെയും സിലബസിൽ പറഞ്ഞിട്ടുള്ള പഠനയാത്രയുടെ (study tour) പേരിൽ കോളേജുകളിൽ നിന്ന് കൂടുതലായും വിനോദയാത്ര (excursion) ആണ് നടത്തിവരുന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാരിൽ നിന്നും അനുവദിക്കുന്ന തുക (പ്ലാൻ ഫണ്ട്)

വിനിയോഗിച്ചുള്ള പഠനയാത്രയുടെ പേരിൽ വിനോദയാത്ര സംഘടിപ്പിക്കുന്നത് അനുവദിനീയമല്ല. ഓരോ കോഴ്സിന്റെയും വിഷയവുമായി (subject) ബന്ധപ്പെട്ട് പഠനം നടത്താൻ കഴിയുന്ന സ്ഥാപനങ്ങളിലേയ്ക്ക്/ പഠന മേഖലകളിലേയ്ക്ക്/ സ്ഥലങ്ങളിലേയ്ക്കാണ് യാത്ര നടത്തേണ്ടത്. ഈ സാഹചര്യത്തിൽ പഠന യാത്ര നടത്തുന്നതിന് പ്രസക്തവും ഉചിതവുമായ സ്ഥാപനങ്ങൾ / മേഖലകൾ തിരഞ്ഞെടുത്ത് ആയവയുടെ വിശദവിവരം പഠനയാത്രയുടെ അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഓരോ ക്ലാസ്സിന്റെയും / ബാച്ചിന്റെയും പഠനത്തിന് യോജിക്കുന്ന / ബന്ധപ്പെട്ട സ്ഥാപനങ്ങളും സ്ഥലങ്ങളും ആണ് പഠനയാത്രയ്ക്ക് തിരഞ്ഞെടുത്തിട്ടുള്ളതെന്ന് ഓരോ കോളേജിലെയും വകുപ്പ് മേധാവിയും പ്രിൻസിപ്പലും ഉറപ്പുവരുത്തേണ്ടതാണ്.

8. ഹാൾട്ടിന് പരമാവധി 7 ദിവസമാണ് അനുവദിച്ചിരിക്കുന്നത്.

9. ആമുഖകത്തിലും പ്രൊഫോർമയിലും വിനോദയാത്രയാണോ പഠനയാത്രയാണോ എന്ന് വ്യക്തമായി രേഖപ്പെടുത്തണം.

10. പഠനയാത്രയിൽ/ വിനോദയാത്രയിൽ വിദ്യാർത്ഥികളോടൊപ്പം അനുഗമിക്കുന്നതിന് അതേ ഡിപ്പാർട്ട്മെന്റിലെ സ്ഥിര അദ്ധ്യാപകരെ മാത്രം ഉൾപ്പെടുത്തേണ്ടതാണ്. അതേ ഡിപ്പാർട്ട്മെന്റിൽ സ്ഥിര അദ്ധ്യാപകരുടെ അഭാവത്തിൽ മറ്റ് ഡിപ്പാർട്ട്മെന്റിലെ സ്ഥിര അദ്ധ്യാപകരെ ഉൾപ്പെടുത്തേണ്ടതാണ്. അതേ ഡിപ്പാർട്ട്മെന്റിലെ സ്ഥിര അദ്ധ്യാപകർക്ക് അനുഗമിക്കുവാൻ കഴിയാതെ വന്നാൽ ആയതിന്റെ കാരണം കൂടി വകുപ്പ് മേധാവി വ്യക്തമാക്കേണ്ടതാണ്.

11. പെൺകുട്ടികൾ ഉൾപ്പെടുന്ന പഠനയാത്രയിൽ / വിനോദയാത്രയിൽ ഒരു സ്ഥിര അദ്ധ്യാപികയെ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

12. പഠനയാത്രയ്ക്കുള്ള / വിനോദയാത്രയ്ക്കുള്ള അപേക്ഷയിൽ വിദ്യാർത്ഥികളെ അനുഗമിക്കുന്ന അദ്ധ്യാപകരുടെ പേര്, തസ്തിക (അസിസ്റ്റന്റ് പ്രൊഫസർ/ അസ്സോസിയേറ്റ് പ്രൊഫസർ), പഠിപ്പിക്കുന്ന വിഷയം മുതലായവ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

13. 20:1 എന്ന വിദ്യാർത്ഥി- അദ്ധ്യാപക അനുപാതത്തിലാണ് പഠനയാത്രയിൽ/ വിനോദയാത്രയിൽ അദ്ധ്യാപകരെ നിയോഗിക്കേണ്ടത്.

14. കോളേജിലെ അതാത് വകുപ്പിലെ സ്ഥിര അദ്ധ്യാപകരെയും മറ്റ് വകപ്പുകളിലെ സ്ഥിര അദ്ധ്യാപകരെയും ലഭ്യമാകാത്ത അടിയന്തര സാഹചര്യത്തിൽ മാത്രം പഠനയാത്രയ്ക്ക് (study tour) വ്യക്തമായ കാരണം ബോധിപ്പിച്ചുകൊണ്ട് അതിഥി അദ്ധ്യാപകനെ / അതിഥി അദ്ധ്യാപികയെ ഉൾപ്പെടുത്താം. എന്നാൽ വിനോദയാത്രയ്ക്ക് നിയോഗിക്കപ്പെടുന്ന അതിഥി അദ്ധ്യാപകരുടെ സേവനം ഡ്യൂട്ടിയായി കണക്കാക്കി വേതനം നല്കാൻ നിലവിൽ വ്യവസ്ഥയില്ല

15.ഒരു സ്ഥിര അദ്ധ്യാപകനെയോ സ്ഥിര അദ്ധ്യാപികയെയോ ഉൾപ്പെടുത്താത്ത പഠനയാത്രയ്ക്ക് / വിനോദയാത്രയ്ക്ക് അനുവാദം ലഭിക്കുന്നതല്ല.

16. കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും അനുമതിയോടുകൂടി പഠനയാത്ര / വിനോദയാത്രയ്ക്ക് പോകുന്നതും, വിദ്യാർത്ഥികളെ അനുഗമിക്കുന്നതും, പഠനയാത്ര / വിനോദയാത്ര ഉത്തരവിൽ അനുമതി നൽകിയിട്ടുള്ളതുമായ സ്ഥിര അദ്ധ്യാപകർക്ക് യാത്ര ദിവസങ്ങളിൽ മാത്രം ഡ്യൂട്ടി ലീവ് അനുവദിക്കാവുന്നതാണ്.

17. സംസ്ഥാനത്തിനു പുറത്തുള്ള പഠനയാത്രയിൽ/ വിനോദയാത്രയിൽ വിദ്യാർത്ഥികളോടൊപ്പം അനുഗമിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ് / ഡെപ്യൂട്ടി ഡയറക്ടറേറ്റ് നിന്നും മുൻകൂർ അനുവാദം ലഭിച്ച അദ്ധ്യാപകർ മാത്രമേ പ്രസ്തുത യാത്രയിൽ പങ്കെടുക്കാൻ പാടുള്ളൂ. അടിയന്തര സാഹചര്യത്തിൽ, മുൻകൂർ അനുവാദം ലഭിച്ച, (സംസ്ഥാനത്തിനു പുറത്തേയ്ക്കുള്ള) പഠനയാത്രയുടെ / വിനോദയാത്രയുടെ തീയതി മാറ്റേണ്ടി വരുന്ന പക്ഷം ആയതിന് മാത്രം സർക്കാർ കോളേജ് പ്രിൻസിപ്പൽ പുതിയ ഉത്തരവ് നൽകാവുന്നതാണ്. എന്നാൽ സംസ്ഥാനത്തിനു പുറത്തേയ്ക്കുള്ള യാത്രയ്ക്ക് അദ്ധ്യാപകർക്കും ജീവനക്കാർക്കും കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും മുൻകൂർ അനുവാദം ആവശ്യമായതിനാൽ ഡയറക്ടറേറ്റിൽ

നിന്നും അനുവാദം ലഭിച്ചവരെ മാറ്റി പുതിയ എസ്കോർട്ടിങ് സ്റ്റാഫിനെ കോളേജ് പ്രിൻസിപ്പൽ നിയോഗിച്ച് ഉത്തരവ് നൽകാൻ പാടില്ല.

18. ബി.എസ്.സി./ എം.എസ്.സി. വിദ്യാർത്ഥികളുടെ പഠനയാത്രയ്ക്ക്, ആവശ്യമെങ്കിൽ അതേ ഡിപ്പാർട്ട്മെന്റിലെ ഒരു അറ്റൻഡറെ കൂടി ഉൾപ്പെടുത്താവുന്നതാണ്.

19. സർക്കാർ സംഗീത കോളേജുകളിൽ 10 വിദ്യാർത്ഥികൾക്ക് 1 എസ്കോർട്ടിങ് ടീച്ചറെ അനുവദിക്കാവുന്നതാണ്. പെൺകുട്ടികൾ ഉൾപ്പെടുന്ന പഠനയാത്രയിൽ / വിനോദയാത്രയിൽ നിർബന്ധമായും ഒരു സ്ഥിര വനിതാ അധ്യപിക എസ്കോർട്ടിങ് ആയി ഉണ്ടായിരിക്കണം.

20. രൂപമാറ്റം വരുത്തിയതും ആഡംബര ലൈറ്റുകൾ ഘടിപ്പിച്ചതും അരോചകമായ ശബ്ദം പുറപ്പെടുവിക്കുന്ന "Audio System" ഘടിപ്പിച്ചതുമായ കോൺട്രാക്ട് കാര്യേജ് വാഹനങ്ങൾ പഠന യാത്ര/വിനോദയാത്രയ്ക്കായി തിരഞ്ഞെടുത്ത് ഉപയോഗിക്കുന്നതിനെതിരെ മോട്ടോർ വാഹന വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ചുവരികയാണ്. അതിനാൽ വിദ്യാർത്ഥികൾ പഠനയാത്ര / വിനോദയാത്രയ്ക്കായി നിയമാനുസൃതം സർവീസ് നടത്തുന്നതും അനാവശ്യ രൂപമാറ്റം വരുത്താത്തതുമായ കോൺട്രാക്ട് കാര്യേജുകൾ മാത്രമേ ഉപയോഗിക്കുന്നുള്ളൂ എന്നും, പഠനയാത്ര / വിനോദയാത്രയ്ക്ക് രക്ഷകർത്താക്കളുടെ സമ്മതം ലഭ്യമാക്കിയിട്ടുണ്ടെന്നും പ്രിൻസിപ്പൽമാർ ഉറപ്പുവരുത്തണമെന്ന് അറിയിക്കുന്നു.

21. പഠനയാത്ര / വിനോദയാത്ര ആരംഭിക്കുന്നതിന് മുൻപ് ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ / ജോയിൻറ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരെ വിവരം അറിയിക്കേണ്ടതാണ്.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ എല്ലാ കോളേജ് അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും അറിയിക്കേണ്ടതാണ്. പ്രസ്തുത നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടുള്ള പഠനയാത്ര / വിനോദയാത്ര പ്രൊപ്പോസലുകളാണ് സമർപ്പിക്കുന്നത് എന്ന് പ്രിൻസിപ്പൽമാർ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

Approval Valid

Digitally Approved By
ഡോ. സുനിൽ ജോൺ.ജെ
Date: 19.08.2023
Reason: Approved

*ഒപ്പ്/-*
**ഡോ. സുനിൽ ജോൺ.ജെ**
അഡിഷണൽ ഡയറക്ടർ (ഇൻ ചാർജ്)

പകർപ്പ്:-

1) കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്ക്
(നടപടികൾ സ്വീകരിക്കുന്നതിനും എയ്ഡഡ് കോളേജ് പ്രിൻസിപ്പൽമാരെ അറിയിക്കുന്നതിനും)
2) സർക്കാർ കോളേജ് പ്രിൻസിപ്പൽമാർക്ക്
3) കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റിലെ സിസ്റ്റം മാനേജർക്ക്
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

GOVERNMENT COLLEGE,

Phone – Email:

DEPARTMENT OF

PROPOSAL FOR THE STUDY TOUR PROGRAMME (2016-2017)

---

1. Name of the College :

2. Department of study :

3.Subject of study :

4. Academic year :

5.Number of students participating :

(List enclosed with name and age of students)

6.Proposed Date of commencement of tour :

7.Date of completion of tour :

8.Total number of Days :

9.Whether as per syllabus :

10.Proposed place of outside kerala :

11.Total Number of Halt :

12.Programme Chart :

13.Mode of Conveyance :

14.Name and Designation of staff Accompanying students :

15.Lady escort with designation :

CERTIFICATE

Certified that the study tour organised by the department is purely academic in nature, prescribed syllabus and the tour report is subjected to evaluation.

signature, Name and Designation of HOD with Date :

Recommendation of the Principal :

Place:
Date:

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്

21-10-2024,തിരുവനന്തപുരം

എഫ്2/175/2024/ഉ.വി.വ

പ്രിൻസിപ്പൽ സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

തിരുവനന്തപുരം

സർ,

വിഷയം:- ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - കോളേജ് വിദ്യാർത്ഥികളുടെ പഠനയാത്ര - മാർഗ്ഗ നിർദ്ദേശങ്ങൾ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്

സൂചന:- 1. മങ്കട ഗവ.കോളേജിൽനിന്നും സൈക്കോളജി, മാത്ത്സ് അവസാന വർഷ ബിരുദ വിദ്യാർത്ഥികൾ സമർപ്പിച്ച 01.10.2024 തീയതിയിലെ അപേക്ഷയിന്മേലുള്ള ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ 14685/Hedn/24/M(H.Edn & SJ) നമ്പർ മിനിട്സ്

2. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 19/08/2023 തീയതിയിലെ G3/26532/2023/DCE നമ്പർ പരിപത്രം

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (2) പ്രകാരം താങ്കളുടെ കാര്യാലയത്തിൽ നിന്നും പുറപ്പെടുവിച്ച പരിത്രത്തിൽ സൂചന (1) ലെ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ മിനിറ്റ്സിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥിനികൾ ഉൾപ്പെടുന്ന വിദ്യാർത്ഥികളുടെ പഠന/വിനോദയാത്രാ സംഘങ്ങളോടൊപ്പം സ്ഥിരം അധ്യാപകർക്ക പകരം അതിഥി അധ്യാപകർക്കും അനുഗമിക്കാവുന്നതാണെന്നും സ്ഥിരം അധ്യാപകരോ അതിഥി അധ്യാപകരോ ലഭ്യമല്ലാത്ത സാഹചര്യത്തിൽ തയ്യാറുള്ള ഒരു വനിതാ രക്ഷാകർത്താവിന് അനുഗമിക്കാവുന്നതാണെന്നും ഭേദഗതി വരുത്തുന്നതാവുന്നതാണ് എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

**ബിജിമോൾ കെ ചാക്കോ**

**അണ്ടർ സെക്രട്ടറി**

പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by

Asoka Kumari. L

Date: 22-10-2024 15:42:39

Scanned with OKEN Scanner